"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- മലപ്പുറം നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജിലെ ബി.എ ഇംഗ്ലീഷ് കോഴ്സിന്റെ കോംപ്ലിമെന്ററി പേപ്പർ ജേണലിസവും ഇലക്ട്രോണിക് മീഡിയയും ആയിരുന്നത് ജേണലിസവും പൊളിറ്റിക്കൽ സയൻസും ആക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ(ബി) വകുപ്പ്**

**സ.ഉ.(കൈ) നം.251/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 09/07/2020

---

പരാമർശം:- 1 26.05.2020, 29.06.2020 എന്നീ തീയതികളിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/15372/2020/കോ.വി.ഡ നമ്പർ കത്ത്.

2 29.05.2020 ലെ കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാറുടെ 16643/സിഡിസി-ജി3/2015/സിയു നമ്പർ കത്ത്.

**ഉത്തരവ്**

നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജിലെ ബി.എ ഇംഗ്ലീഷിന്റെ കോംപ്ലിമെന്ററി പേപ്പർ ജേണലിസവും ഇലക്ട്രോണിക്സ് മീഡിയയും ആയിരുന്നത് ജേണലിസവും പൊളിറ്റിക്കൽ സയൻസും ആക്കി മാറ്റുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പൽ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് ശിപാർശ ലഭ്യമാക്കുകയുണ്ടായി. 27/12/2018 ൽ നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജിൽ ജേണലിസം, പബ്ലിക് റിലേഷൻ എന്നിവ കോംപ്ലിമെന്ററി വിഷയങ്ങളായി ബി.എ ഇംഗ്ലീഷ് കോഴ്സ് സർവ്വകലാശാല അനുവദിക്കുകയുണ്ടായി. പ്രസ്തുത ബി.എ ഇംഗ്ലീഷിന്റെ കോംപ്ലിമെന്ററി പേപ്പർ ജേണലിസവും ഇലക്ട്രോണിക്സ് മീഡിയയും ആക്കി മാറ്റിക്കൊണ്ട് 04/07/2019 ൽ സർവ്വകലാശാല ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത കോംപ്ലിമെന്ററി പേപ്പറായ ജേണലിസവും ഇലക്ട്രോണിക്സ് മീഡിയയും എന്നത് ജേണലിസവും പൊളിറ്റിക്കൽ സയൻസും ആക്കി മാറ്റുന്നതിനാണ് കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിലാണ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നത്.

അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ബി.എ ഇംഗ്ലീഷിന്റെ കോംപ്ലിമെന്ററി പേപ്പർ ജേണലിസവും ഇലക്ട്രോണിക്സ് മീഡിയയും ആയിരുന്നത് ജേണലിസവും പൊളിറ്റിക്കൽ സയൻസും ആക്കി മാറ്റുന്നതുമൂലം മൊത്തം ജോലിഭാരം ആഴ്ചയിൽ 12 മണിക്കൂർ തന്നെയാണെന്നും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നില്ല എന്നും പരാമർശം (2) പ്രകാരം കാലിക്കറ്റ്

സർവകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് അധികസാമ്പത്തിക ബാദ്ധ്യതയുണ്ടാകാൻ പാടില്ല, പുതുതായി തസ്തിക സൃഷ്ടിക്കില്ല എന്ന വ്യവസ്ഥയിൽ നിലമ്പൂർ അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ ബി.എ (ഇംഗ്ലീഷ്) കോഴ്സിന്റെ കോംപ്ലിമെന്ററി വിഷയം "ജേർണലിസവും ഇലക്ട്രോണിക് മീഡിയയും" എന്നതിനു പകരം "ജേർണലിസവും പൊളിറ്റിക്കൽ സയൻസും" ആക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല
പ്രിൻസിപ്പൽ,അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്,നിലമ്പൂർ, മലപ്പുറം
ധനകാര്യ വകുപ്പ് (1535396/വിദ്യാ -സി 2/250/2020-ധന. തീയതി 06/07/2020)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Sudhila L
Date: 2020.07.09 17:21:03 IST
Reason: Approved
സെക്ഷൻ ഓഫീസർ